## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *230

19..6..2013-ലെ മറുപടിക്ക്

### പാൻ മസാല നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>" ജോസഫ് വാഴക്കൻ<br>" റ്റി. എൻ. പ്രതാപൻ<br>" വി. ഡി. സതീശൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാൻസറിന് കാരണമായ ഗുഡ്ക, പാൻമസാല എന്നിവ പൂർണ്ണമായും നിരോധിക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) പുകയില അടങ്ങിയ പാൻമസാല, ഗുഡ്ക തുടങ്ങിയവയുടെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22/05/2012-ലെ എ/1327/12/സി. എഫ്. എസ് എന്ന ഉത്തരവ് പ്രകാരം നിരോധിക്കുകയുണ്ടായി. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) പുകയില അടങ്ങിയ പാൻ പരാഗ്, ഗുഡ്ക തുടങ്ങിയ ഉൽപന്നങ്ങൾ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ആശങ്കാജനകമായ രീതിയിൽ വർദ്ധിച്ചു വരികയാണ്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ 2006 മുതൽ 2010 വരെ നടത്തിയ ഒരു പഠന റിപ്പോർട്ടിൽ വായിൽ ഉണ്ടാകുന്ന കാൻസർ രോഗികളിൽ 80 ശതമാനത്തിലധികം കാരണം പുകയിലയുടെ ഉപയോഗം മൂലമാണെന്ന് കാണുന്നു. ഭീകരമായ അവസ്ഥയിൽ നിന്ന് ജനങ്ങളെ രക്ഷിക്കാനും ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത് നിറവേറ്റുന്നതിന്റെ ഭാഗമായാണ്. |

**പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണം കണക്കിലെടുത്ത് പുകയിലടങ്ങിയ ഗുഡ്ക, പാൻമസാല തുടങ്ങിയവയുടെ ഉൽപാദനവും വിതരണവും, വിൽപനയും സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ നിരോധിച്ചിട്ടുള്ളത്.**

| | |
|---|---|
| സി) ഏതെല്ലാം ഏജൻസികളാണ് ആയതുമായി സഹകരിക്കുന്നത് വിശദമാക്കാമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഫുഡ്സേഫ്റ്റി, പോലീസ്, എക്സൈസ്, റയിൽവേ, വിൽപ്പന നികുതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സഹകരിക്കുന്നുണ്ട്. നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും കൊറിയർ തുടങ്ങിയ സംശയാസ്പദമല്ലാത്ത മാർഗ്ഗങ്ങളുപയോഗിച്ച് നിരോധിച്ച ഉൽപ്പനങ്ങൾ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുന്നതായി സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ റെയ്ഡുകൾ നടത്തി പരിശോധന കർശനമാക്കുന്നതിനും നിരോധിത ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമമനുസരിച്ച് നടപടി സ്വീകരിക്കുവാനും ആഭ്യന്തരം, എക്സൈസ്, വിൽപ്പന നികുതി, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകൾക്കും, ഫുഡ് സേഫ്റ്റി കമ്മീഷണർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.